**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3262** — **15-02-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | മലയോര ഹൈവേയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ കാഞ്ഞിരംപാറ മുതൽ ഗോപാലപുരം കന്നിമാരിമേട് നെട്ടമണി പനങ്ങാട്ടിരി വിത്തനശ്ശേരി ഐനാമ്പാടം വഴി തങ്കം ജംഗ്ഷൻ വരെ കടന്നുപോകുന്ന റോഡിന് 70.957 കി. മീ ദൈർഘ്യമാണുള്ളത്. ടി പദ്ധതി 5 സ്ട്രെച്ചുകളായാണ് നടപ്പിലാക്കുന്നത്.<br><br>**1. കാഞ്ഞിരംപാറ മുതൽ കുമരംപുത്തൂർ വരെ**<br><br>കാഞ്ഞിരംപാറ മുതൽ കുമരംപുത്തൂർ വരെയുള്ള 18.1 കി. മീ നിളമുള്ള ടി റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ പ്രകാരം കിഫ്ബിയിൽ നിന്നും 05/04/2023 ന് 91.40 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് മണ്ണാർക്കാട് മണ്ഡലത്തിലെ ജില്ലാ അതിർത്തിയായ കാഞ്ഞിരംപാറ നിന്ന് ആരംഭിച്ച് അലനല്ലൂർ കോട്ടോപ്പാടം വഴി കുമരംപുത്തൂരിലെ എൻ എച്ച് 966 ൽ വന്നു ചേരുന്നു. തുടർന്ന് സ്ഥല ലഭ്യത ഉറപ്പ് വരുത്തുന്നതിന് റവന്യൂ വിഭാഗത്തിന്റെ സഹായം ആവശ്യപ്പെടുകയും റോഡിന്റെ അതിരുകൾ നിജപ്പെടുത്തി ലഭിക്കുകയുമുണ്ടായി. അപ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും അധികമായി സ്ഥലം ആവശ്യമില്ലെന്ന് മനസ്സിലാക്കിയതിൻ പ്രകാരം ടി പ്രവർത്തിയുടെ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് 01/02/2024 തീയതിയിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരം സാങ്കേതികാനുമതിക്കായി സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**2. ഗോപാലപുരം മുതൽ കന്നിമാരിമേട് വരെ (Ch 0/000 to 14/860).**

ഗോപാലപുരം മുതൽ കന്നിമാരിമേട് വരെയുള്ള 14.86 കി. മീ നിളമുള്ള റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 05.04.2023 ന് 73.21 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് ചിറ്റൂർ മണ്ഡലത്തിലൂടെയാണ് കടന്നു പോകുന്നത്. ചിറ്റൂർ മണ്ഡലത്തിലെ ഗോപാലപുരം മുതൽ ആരംഭിച്ച് മൂലത്തറ കൈകാട്ടി മീനാക്ഷിപുരം വഴി കന്നിമാരിമേട് വന്നു ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തിരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി റോഡിൽ ഉൾപ്പെടുന്ന മൂലത്തറ മെയിൻ ബ്രിഡ്ജ്, റൈറ്റ് ബാങ്ക് കനാൽ ബ്രിഡ്ജ്, ലെഫ്റ്റ് ബാങ്ക് കനാൽ ബ്രിഡ്ജ് എന്നീ പാലങ്ങളുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് 12/01/2024 തീയതിയിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരം സാങ്കേതികാനുമതിക്കായി സമർപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**3. കന്നിമാരിമേട് മുതൽ നെട്ടുമണി വരെ (Ch 14/860 to 30/590).**

കന്നിമാരിമേട് മുതൽ നെട്ടുമണി വരെയുള്ള 15.73 കി. മീ നീളമുള്ള ടി റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 05/04/2023 ന് 73.21 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് ചിറ്റൂർ, നെന്മാറ തുടങ്ങിയ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. ചിറ്റൂർ മണ്ഡലത്തിൽ 2.59 കി മീറ്റർ ദൂരവും നെന്മാറ മണ്ഡലത്തിൽ 13.14 കി മീറ്റർ ദൂരവും കടന്നു പോകുന്നു. ചിറ്റൂർമണ്ഡലത്തിലെ കന്നിമാരിമേട് നിന്ന് ആരംഭിച്ച് മുതലമട നെന്മാറ മണ്ഡലത്തിലെ മീങ്കര ഡാം വഴി ചുള്ളിയാർമേട്, മാഞ്ചിറ എന്നീ പ്രദേശങ്ങളിലൂടെ നെട്ടുമണിയിൽ വന്നു ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തിരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സൈറ്റിൽ പുരോഗമിച്ച് വരുന്നു.

**4. പനങ്ങാട്ടിരി മുതൽ വിത്തനശ്ശേരി വരെ (Ch 103/280 to 110/350).**

| | | | |
|---|---|---|---|
| | | | പനങ്ങാട്ടിരി മുതൽ വിത്തനശ്ശേരി വരെയുള്ള 7.057 കി. മീ നീളമുള്ള ടി റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 30/03/2023 ന് 33.18 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയുണ്ടായി. ടി റോഡ് നെന്മാറ മണ്ഡലത്തിലൂടെയാണ് കടന്നു പോകുന്നത്. നെന്മാറമണ്ഡലത്തിലെ വട്ടേക്കാടിൽ നിന്നും ആരംഭിച്ച് കരിങ്കുളം എലവഞ്ചേരി കുമ്പളക്കോട് പ്രദേശങ്ങളിൽ കൂടി കടന്ന് വിത്തനശ്ശേരിയിൽ വന്നു ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തിരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തികൾ റവന്യൂ വകുപ്പിൽ നിന്ന് പുരോഗമിച്ച് വരുന്നു. ഇത് അന്തിമ ഘട്ടത്തിലാണ്.<br><br>**<u>5. ഐനാമ്പാടം മുതൽ തങ്കം ജംഗ്ഷൻ വരെ (Ch 113/150 to 128/375).</u>**<br><br>ഐനാമ്പാടംമുതൽ തങ്കം ജംഗ്ഷൻ വരെയുള്ള 15.21 കി. മി നീളമുള്ള റോഡിനെ മലയോര ഹൈവേ നിലവാരമായ 12 മീറ്റർ വീതിയിലേക്ക് വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും 27/04/2023 ന് 75.83 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകയുണ്ടായി. ടി റോഡ് ആലത്തൂർ, നെന്മാറ, തരൂർ തുടങ്ങിയ മണ്ഡലങ്ങളിലൂടെ കടന്നു പോകുന്നു. നെന്മാറ മണ്ഡലത്തിൽ 0.91കി മീറ്റർ ദൂരവും, ആലത്തൂർ മണ്ഡലത്തിലെ 10.00 കി മീറ്റർ ദൂരവും, തരൂർ മണ്ഡലത്തിൽ 4.30 കി മീറ്റർ ദൂരത്തിലും ടി റോഡ് കടന്നു പോകുന്നു. നെന്മാറ മണ്ഡലത്തിലെ ഐനമ്പാടത്തിൽ നിന്നും ആരംഭിച്ച് ആലത്തൂർ മണ്ഡലത്തിലെ കടമ്പിടി ചിറ്റിലഞ്ചേരി മുടപ്പല്ലൂർ വഴി തരൂർ മണ്ഡലത്തിലെ വടക്കെഞ്ചേരി തങ്കം ജംഗ്ഷനിൽ എൻ എച്ച് 544 ൽ വന്നു ചേരുന്നു. ടി റോഡിൽ ഫ്രീ സറണ്ടർ മുഖാന്തിരം സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ ബൗണ്ടറി തിട്ടപ്പെടുത്തുന്നതിനുള്ള പ്രവർത്തികൾ റവന്യൂ വകുപ്പിൽ നിന്ന് പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ